(എഫ്) കള്ളിലും ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിലും കലർത്തിയിട്ടുള്ള വിഷാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പുതിയ ഡിസ്റ്റിലറികൾ

64 (397) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ഡിസംബർ 31-നുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചു;

(ബി) ഈ ഡിസ്റ്റിലറികൾ അനുവദിക്കുന്ന സമയത്ത് പുതിയ ഡിസ്റ്റിലറികൾ സ്ഥാപിക്കാൻ ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനം നിലവിലുണ്ടായിരുന്നുവോ;

(സി) എങ്കിൽ ഈ തീരുമാനം പിൻവലിക്കാതെയാണോ പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചത്;

(ഡി) പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്ന ആരെയെങ്കിലും പുതിയ ഡിസ്റ്റിലറികൾ സ്ഥാപിക്കാൻ ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനം നിലവിലുണ്ടെന്ന് 1999 ഫ്രെബ്രുവരിയിൽ അറിയിച്ചിരുന്നുവോ;

(ഇ) തിരുവനന്തപുരം പ്രാവച്ചമ്പലം എസ്. ആർ ഡിസ്റ്റിലറി ഉടമ പി.എസ്.ബിനുകല പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് അനുവാദത്തിനായി അപേക്ഷിച്ചിരുന്നുവോ; ഈ അപേക്ഷയിൽമേൽ എന്തു തീരുമാനമെടുത്തു; ഈ തീരുമാനം കക്ഷിയെ അറിയിച്ചിരുന്നുവോ; എങ്കിൽ എന്നാണ് അവരെ അറിയിച്ചത്?

ഉത്തരം

(എ) 1998 ഡിസംബർ 31-നുശേഷം ഡിസ്റ്റിലറികൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി)&(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്നില്ല.

വ്യാജമദ്യദുരന്തത്തിലെ പങ്കാളികൾ

65 (399) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യദുരന്തത്തിന്റെ കാരണം അന്വേഷിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അന്വേഷണം ഏതെല്ലാം ഏജൻസികളെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണഫലമായി ആരെയെല്ലാമാണ് പ്രധാന പ്രതികളായി സംശയിക്കുന്നത്;

(ഡി) ഇവരെയെല്ലാം അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഇതിലെ പ്രതികൾക്ക് ഉയർന്ന സർക്കാരുദ്യോഗസ്ഥൻമാരുടെ ഒത്താശയുണ്ടായിരുന്നതായി തെളിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. സി.ബി. മാത്യൂവിന്റെ നേതൃത്വത്തിലും, പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ശ്രീ. വിൻസെന്റ് പോളിന്റെ നേതൃത്വത്തിലുമുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമുകളാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ ഹൈക്കോടതി ജഡ്ജിയായ ജസ്റ്റിസ് വി.പി. മോഹൻകുമാറിനെ കമ്മിഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് അന്വേഷണ കമ്മിഷനായും നിയമിച്ചിട്ടുണ്ട്.

(സി) പ്രധാന പ്രതികളായി സംശയിക്കുന്നവരുടെ പേരുകൾ ഇപ്രകാരമാകുന്നു.

1. ഹയറുന്നീസ.
2. രാജൻ.
3. രാജു
4. ബി.വി. കമലാ ശങ്കരൻ
5. മണികണ്ഠൻ അഥവാ കൊച്ചനി
6. ചന്ദ്രൻ അഥവാ മണിച്ചൻ
7. മുഹമ്മദ് ഹാജി അഥവാ ഷാജു
8. സുരേഷ്
9. ദിലീപ്
10. സുജിത്ത്
11. ഷിരോൾ അഥവാ കുഞ്ഞുമോൻ
12. ഷിനു
13. ശശികുമാർ
14. സത്യൻ
15. സൈമൺ
16. മനോഹരൻ
17. സതി
18. മുരുകൻ

LIBRARY ARCHIVES Kerala Legislative Assembly

19. സുനി
20 രാജു
21. ലോഡ് സുനി
22. കുമാർ (മരിച്ചു)
23. ശിശുപാലൻ
24. ശ്രീകണ്ഠൻ.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

അബ്കാരി കോൺട്രാക്ടർമാർ അടയ്ക്കേണ്ട കുടിശ്ശിക

66 (400) ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കോൺട്രാക്ടർമാർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക തുകയ്ക്കുള്ള പലിശ ഇളവു ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം വരുത്താവുന്ന അത്തരമൊരു തീരുമാനം എടുത്തതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ;

(സി) ഇതുമൂലം പലിശയിനത്തിൽ എത്ര തുക ഇളവ് അനുവദിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) കുടിശ്ശികയായ തുക അബ്കാരികോൺട്രാക്ടർമാരിൽ നിന്നും പിരിച്ചെടുക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ അബ്കാരി കോൺട്രാക്ടർമാരുമായി അനൗപചാരിക ചർച്ച വല്ലതും നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 1997 മാർച്ച് മാസം 31-ാം തീയതിവരെയുള്ള കുടിശ്ശികയുടെ പലിശ ഇനത്തിൽ 75% ഇളവ് അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

(ബി) കുടിശ്ശികയിനത്തിൽ അബ്കാരി കോൺട്രാക്ടർമാരിൽ നിന്നും വൻതുക ലഭിയ്ക്കാനുണ്ടായിരുന്നതിനാലും അത് പിരിഞ്ഞു കിട്ടാൻ കാലതാമസം പല കാരണങ്ങളാൽ ഉണ്ടാകുന്നതിനാലും പലിശയിനത്തിൽ ഇളവ് നൽകിയാൽ പിരിഞ്ഞുകിട്ടാനുള്ള തുകയിൽ നല്ല ശതമാനം പിരിഞ്ഞുകിട്ടും എന്ന് ഉത്തമ ബോദ്ധ്യം വന്നതിനാലുമാണ് ഈ ഇളവ് അനുവദിച്ചത്. ഇത്തരം ഒരു പദ്ധതി സെയിൽടാക്സ് വകുപ്പിൽ 1999-ൽ പലിശയുടെ 60% ഇളവ് അനുവദിച്ച് നടപ്പിലാക്കിയിരുന്നു. കൂടാതെ പല സംസ്ഥാനങ്ങളും ഇത്തരത്തി

LIBRARY ARCHIVES Kerala Legislative Assembly